"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

സാമൂഹ്യനീതി വകുപ്പ് - നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആൻഡ് ഹിയറിഗ് - 2023-2024 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനയിൽ പദ്ധതി വിഹിതമായി വകയിരുത്തിയിട്ടുള്ള തുകയിൽ നിന്നും നാലാം ഗഡു ധനസഹായം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സാമൂഹ്യനീതി (എ) വകുപ്പ്**

സ.ഉ.(സാധാ) നം.34/2024/SJD തീയതി,തിരുവനന്തപുരം, 02-02-2024

---

പരാമർശം:-

1. 19.04.2023-ലെ സ.ഉ (സാധാ) നമ്പർ. 74/2023/സാ.നീ.വ സർക്കാർ ഉത്തരവ്.
2. 03.08.2023-ലെ സ.ഉ (സാധാ) നമ്പർ. 167/2023/സാ.നീ.വ സർക്കാർ ഉത്തരവ്.
3. 28.11.2023-ലെ സ.ഉ (സാധാ) നമ്പർ. 234/2023/സാ.നീ.വ സർക്കാർ ഉത്തരവ്.
4. നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആൻഡ് ഹിയറിഗ് (നിഷ്) എക്സിക്യൂട്ടീവ് ഡയറക്ടറുടെ 03.01.2024-ലെ 502/2022/നിഷ്/ഫിൻ നം. കത്ത്

**<u>ഉത്തരവ്</u>**

സംസ്ഥാനത്തിന്റെ 2023-24 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനയിൽ 2235-02-101-85-പ്ലാൻ എന്ന ശീർഷകത്തിൽ തിരവനന്തപുരത്ത് പ്രവർത്തിക്കുന്ന നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച് ആൻഡ് ഹിയറിഗ് (നിഷ്) എന്ന സ്ഥാപനത്തിന്റെ പദ്ധതി പ്രവർത്തനത്തിനായി 18,93,00,000/- രൂപ (പതിനെട്ടു കോടി തൊണ്ണൂറ്റിമൂന്നു ലക്ഷം രൂപ മാത്രം) വകയിരുത്തിയിട്ടുണ്ട്. തുടർന്ന് പരാമർശം 1-ും, 2-ും, 3-ും സർക്കാർ ഉത്തരവുകൾ പ്രകാരം പ്രസ്തുത ശീർഷകത്തിൽ നിന്ന് ടി സ്ഥാപനത്തിനുള്ള 2023-2024 സാമ്പത്തിക വർഷത്തെ പദ്ധതി ധനസഹായം മൂന്ന് ഗഡുക്കളായി ആകെ 9,10,00,000/- (ഒമ്പതു കോടി പത്തു ലക്ഷം രൂപ മാത്രം, 3,70,00,000/- + 3,40,00,000/- + 2,00,00,000/- എന്നീ ക്രമത്തിൽ) അനുവദിക്കുകയുണ്ടായി.

2023-2024 സാമ്പത്തിക വർഷത്തെ പ്രസ്തുത ശീർഷകത്തിൽ നിന്നും ടി സ്ഥാപനത്തിനുള്ള ഈ സാമ്പത്തിക വർഷത്തെ നാലാം ഗഡു പദ്ധതി ധനസഹായമായി 8,68,00,000/- രൂപ അനുവദിക്കണമെന്ന് അഭ്യർത്ഥിച്ച് ടി സ്ഥാപന എക്സിക്യൂട്ടീവ് ഡയറക്ടർ പരാമർശം 4-പ്രകാരം പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2235-02-101-85-പ്ലാൻ എന്ന ശീർഷകത്തിൽ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആൻഡ് ഹിയറിഗ് (നിഷ്) എന്ന സ്ഥാപനത്തിന്റെ പദ്ധതി പ്രവർത്തനത്തിനായി വകയിരുത്തിയിട്ടുള്ള തുകയിൽ നിന്നും നാലാം ഗഡുവായി 3,00,00,000/- രൂപ (മൂന്ന് കോടി രൂപ മാത്രം, അവസാന ക്വാട്ടയിലെ സീലിംഗ് പരിധി 65%-ൽ നിജപ്പെടുത്തിയിരിക്കുന്നു) ടി സ്ഥാപനത്തിന്റെ അടിയന്തര പ്രവർത്തനങ്ങൾക്കും ജീവനക്കാർക്കുള്ള ശമ്പളവും അലവൻസുകളും നൽകുന്നതിനുമായി (ശമ്പള/ശമ്പളേതര ചെലവുകൾക്കായി), പ്രസ്തുത തുക ടി സ്ഥാപനത്തിന്റെ പേരിലുള്ള പി.എസ്.റ്റി.എസ്.ബി അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്യണമെന്ന നിബന്ധനയോടെ, ടി സ്ഥാപന എക്സിക്യൂട്ടീവ് ഡയറക്ടർക്ക് അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ദിലീപ് കുമാർ.റ്റി.ഐ
ജോയിന്റ് സെക്രട്ടറി

എക്സിക്യൂട്ടീവ് ഡയറക്ടർ, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആൻഡ് ഹിയറിഗ് (നിഷ്), ആക്കുളം, തിരുവനന്തപുരം
ഡയറക്ടർ, സാമൂഹ്യനീതി വകുപ്പ്, വികാസ്ഭവൻ, തിരുവനന്തപുരം
സബ് ട്രഷറി ഓഫീസർ, സെക്രട്ടറിയേറ്റ് സബ് ട്രഷറി, തിരുവനന്തപുരം
ജില്ലാ ട്രഷറി ഓഫീസർ, ജില്ലാ ട്രഷറി, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് / എ & ഇ), കേരളം, തിരുവനന്തപുരം
ധനകാര്യം (വെൽഫെയർ വിംഗ്) വകുപ്പ് (25.01.2024-ലെ- ഡബ്ല്യൂ ഡബ്ല്യൂ 2/97/2023/ധന കുറിപ്പ് പ്രകാരം)
ഇൻഫർമേഷൻ ഓഫീസർ, വെബ് ആൻഡ് ന്യൂ മീഡിയ ഡിവിഷൻ, ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് വകുപ്പ് (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Vipin.s.d.
Date: 02-02-2024 11:06:56
സെക്ഷൻ ഓഫീസർ